## പാഠം 6

## (ആരാധന)

# ഒരു മൃഗഘോഷയാത്ര

*വേദഭാഗം: ഉല്പത്തി 6:19; 7:24, Patriarchs & Prophets pp. 97 - 104.*

*മനഃപാഠവാക്യം: "നീ അതു ചെയ്തിരിക്കകൊണ്ട് ഞാൻ നിനക്ക് എന്നും സ്തോത്രം ചെയ്യും" സങ്കീ. 52:9.*

### സന്ദേശം

**"നമ്മെ കാത്തുരക്ഷിക്കുന്നതിനാൽ നാം ദൈവത്തിന് നന്ദി പറയുന്നു"**

***ഒരു ഘോഷയാത്ര കാണുന്നത് രസമല്ലേ? വളരെ നാളുകൾക്ക് മുമ്പ് നോഹയും അവന്റെ അയൽക്കാരും വിചിത്രമായൊരു മൃഗഘോഷയാത്ര കണ്ടു.***

നോഹയുടെ മകൻ അവസാന ചാക്ക് ധാന്യവും മറ്റ് ആഹാര സാധനങ്ങൾക്കൊപ്പം അടുക്കിവച്ചു, പിന്നീട് വന്ന് തുറന്ന വാതിൽക്കൽ അവന്റെ

പിതാവിന്റെ അടുക്കൽ നിന്നു. വളരെനേരം നോഹ നിശ്ശബ്ദനായിരുന്നു. ഒടുവിൽ അവൻ പറഞ്ഞു "അത് തീർന്നിരിക്കുന്നു." നമ്മോട് ചെയ്യാൻ ദൈവം പറഞ്ഞതെല്ലാം നാം ചെയ്തിരിക്കുന്നു.

നോഹ ആ നടപ്പാതയിലൂടെ നടന്നുനീങ്ങി. ഒരു ചെറിയ കൂട്ടം ആളുകൾ അതിന് ചുറ്റുംകൂടി. നോഹ ജലപ്രളയത്തെക്കുറിച്ച് പറയുന്നത് കേൾക്കാൻ ജനങ്ങൾ പലപ്പോഴും അവിടെ കൂടിവരുമായിരുന്നു, കൂടാതെ പിന്നീട് ചിരിച്ചുകൊണ്ടേയിരിക്കുമായിരുന്നു. അവർ അവനെ ഭ്രാന്തനായ ഒരു വയസ്സൻ എന്ന് വിളിച്ചിരുന്നു.

"വെള്ളം ഒരിക്കലും ഭൂമിയെ മൂടിയിട്ടില്ല!" അവർ വിളിച്ചു പറയുമായിരുന്നു. "അത് അങ്ങനെ എപ്പോഴെങ്കിലും സംഭവിക്കുമെന്ന് ഞങ്ങൾ എന്തിന് വിശ്വസിക്കണം?"



''കാരണം അങ്ങനെ സംഭവിക്കുമെന്ന് ദൈവം എന്നോട് പറഞ്ഞു,'' നോഹ എപ്പോഴും മറുപടി പറഞ്ഞു. എന്നാൽ ഈ മനുഷ്യർ ദൈവത്തെ സ്നേഹിച്ചിരുന്നില്ല. അവർ ദൈവം പറഞ്ഞതിനെ കാര്യമാക്കിയില്ല.

''സമയം മിക്കവാറും ആകാറായി,'' നോഹ ജനങ്ങളോട് പറഞ്ഞു. ''പെട്ടകത്തിന്റെ പണി കഴിഞ്ഞു. ജലപ്രളയം വരുന്നു! പെട്ടകത്തിലേക്ക് കടന്നുവരൂ! അവൻ യാചിച്ചു. "നിങ്ങളെ രക്ഷിക്കണമെന്ന് ദൈവം അതിയായി ആഗ്രഹിക്കുന്നു!"

എല്ലാവരും ചിരിയോട് ചിരി. നോഹയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. ആരും അവനെ വിശ്വസിച്ചില്ല. ആരും ദൈവത്തെ വിശ്വസിച്ചില്ല. പെട്ടെന്ന് ആരോ വിളിച്ചു പറഞ്ഞു "സിംഹങ്ങൾ!" എല്ലാവരും കാണാനായി തിരിഞ്ഞു. രണ്ട് സിംഹങ്ങൾ ഒരുമിച്ച് ജനങ്ങളുടെ അടുത്തേക്ക് നടന്നു. എന്നാൽ സിംഹങ്ങൾ ജനങ്ങളെ കണ്ടതായി പോലും തോന്നിയില്ല. അവരുടെ കണ്ണുകൾ പെട്ടകത്തിൽ തന്നെയായിരുന്നു. അവർ നടപ്പാത

യിലൂടെ കയറി ഉള്ളിലേക്ക് അപ്രത്യക്ഷമായി "ആനകൾ! ആനകൾ!" ഒരു കൊച്ചുകുട്ടി വിളിച്ചുകൂടി. രണ്ടു വലിയ തവിട്ടുനിറമുള്ള ആനകൾ പെട്ടകത്തിന്റെ അടുത്തേക്ക് നടന്നുനീങ്ങി. അവയും നടപ്പാതയിലൂടെ നടന്ന് അകത്തേക്ക് അപ്രത്യക്ഷമായി.

"ഇത് എന്ത് തന്ത്രമാണ്?" ആരോ ദേഷ്യത്തോടെ ബഹളം വച്ചു. "നിങ്ങൾ എങ്ങനെയാണ് മൃഗങ്ങളെക്കൊണ്ട് അത് ചെയ്യിക്കുന്നത്?"

നോഹയുടെ മുഖം ഒരു വലിയ പുഞ്ചിരിയാൽ വിടർന്നു. "അത് കർത്താവാണ്" അവൻ പറഞ്ഞു. "ദൈവമാണ് മൃഗങ്ങളെ പെട്ടകത്തിലേക്ക് നയിക്കുന്നത്. "ഞാൻ അതിന് ഒന്നും ചെയ്തിട്ടില്ല!"

ആ ദിവസം മുഴുവൻ മൃഗങ്ങൾ പെട്ടകത്തിലേക്ക് വന്നുകൊണ്ടിരുന്നു. ജനക്കൂട്ടം നിശ്ശബ്ദമായി നോക്കിനിന്നു. അവസാനത്തെ മൃഗവും സുരക്ഷിതമായി പെട്ടകത്തിലെത്തിക്കഴിഞ്ഞപ്പോൾ, നോഹ ഒരിക്കൽ കൂടി പെട്ടകത്തിന്റെ കതകിനരികത്തേക്ക് വന്നു. "ഇതാണ് നിങ്ങളുടെ അവസാന അവസരം" നോഹ യാചിച്ചു. "ദയവായി അകത്തേക്ക് വന്ന് രക്ഷപ്പെടൂ." എന്നാൽ ആരും അനങ്ങിയില്ല അതിനാൽ നോഹ തിരിഞ്ഞ് നിശ്ശബ്ദമായി പെട്ടകത്തിലേക്ക് തിരിഞ്ഞുപോയി. പിന്നീട് ദൈവം തന്നെ ആ വലിയ കതകടച്ച് നോഹയെയും കുടുംബത്തേയും മൃഗങ്ങളേയും സുരക്ഷിതമായി അകത്ത് മുദ്രവച്ചു.

നോഹയുടെ കുടുംബത്തെയും മൃഗങ്ങളെയും കാത്തുരക്ഷിക്കാനുള്ള ഒരു പദ്ധതി ദൈവത്തിനുണ്ടായിരുന്നു. കൂടാതെ അവന് നമ്മെയും കാത്തുരക്ഷിക്കാനുള്ള ഒരു പദ്ധതിയുണ്ട്.

---

## ചെയ്യുക പറയുക

**ശബ്ബത്ത്**

മനഃപാഠവാക്യം ആവർത്തിക്കുവാൻ ശബ്ബത്ത് സ്കൂളിൽ പഠിച്ച കയ്യടി താളം ഉപയോഗിക്കുക ഉല്പത്തി 7:1-3; 7-9 ഒരുമിച്ച് വായിക്കുക. നമുക്ക് ബൈബിൾ തന്നതിനായി ദൈവത്തിന് നന്ദി പറയുക.

ശബ്ബത്ത് സ്കൂളിൽ നിങ്ങളുടെ കുട്ടി ദൈവത്തിന്റെ കരുതലിനെക്കുറിച്ച് ആരോടെങ്കിലും പറയുവാൻ വിരലിന്റെ വലിപ്പമുള്ള ഒരു പാവയുണ്ടാക്കി. അവരെ അത് ചെയ്യുവാൻ സഹായിക്കുക.

**ഞായർ**

കുട്ടികളെ കാത്തുപരിപാലിക്കാൻ ദൈവം മാതാപിതാക്കളെ ഉപയോഗിക്കുന്ന വഴികളെക്കുറിച്ച് ഒരുമിച്ച് പറയുക. ഒരു മൃഗത്തിനെ കരുതുവാനായി നിങ്ങളുടെ കുട്ടിയെ സഹായിക്കുക. ആഹാരവും വെള്ളവും

കൊടുക്കുന്നത് ഒരു നല്ല തുടക്കമാണ്. സാധ്യമെങ്കിൽ ഒരു കാഴ്ചബംഗ്ലാവിലേക്കോ ഒരു വന്യജീവി സങ്കേതത്തിലേക്ക് ഒരു യാത്ര നടത്തുക. മൃഗങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**തിങ്കൾ**

ബൈബിൾ കഥ കുട്ടിക്ക് പറഞ്ഞുകൊടുക്കുക. ചോദിക്കുക: അനേക ആളുകൾ നോഹയോടൊത്ത് പെട്ടകത്തിൽ കയറിയോ? എന്തുകൊണ്ട്? മൃഗങ്ങൾക്കെല്ലാവർക്കുമായി തയ്യാറാകാനായി നോഹ എന്ത് ചെയ്തു? എന്തുകൊണ്ട്? നോഹയോടൊത്ത് പെട്ടകത്തിലേക്ക് ആര് കയറി? എന്തുകൊണ്ട്? ദൈവത്തെ സ്നേഹിക്കുന്ന ആരെയാണ് നിങ്ങൾക്കറിയാവുന്നത്?

**ചൊവ്വ**

ഒരു പെട്ടകത്തിന്റെ ചിത്രം വരയ്ക്കാൻ കുട്ടിയെ സഹായിക്കുക. പെട്ടകത്തിനുള്ളിലേക്ക് പോകുന്ന എത്ര മൃഗങ്ങളെ നിങ്ങൾക്ക് വരയ്ക്കാം? മൃഗങ്ങളെക്കുറിച്ചുള്ള ഒരു പാട്ട് പാടുക, പിന്നീട് നമുക്ക് ആസ്വദിക്കാനായി മൃഗങ്ങളെ ഉണ്ടാക്കിയതിനായി ദൈവത്തിന് നന്ദി പറയുക.

**ബുധൻ**

മനുഷ്യരെയും മൃഗങ്ങളെയും ദൈവം കരുതുന്ന വഴികൾ പറയാൻ കുട്ടിയെ സഹായിക്കുക. അവന്റെ കരുതലിനായി ഒരു സ്തുതിഗീതം പാടുക. ഒരു മൃഗപ്പാട്ടും പാടുക. “യേശു സ്നേഹിക്കുന്നെന്നെ” എന്ന ഈണത്തിൽ ഒരു പട്ടിക്കുഞ്ഞ് കണക്കെ “കുരയ്ക്കുക,” പിന്നീട് ഒരു പൂച്ചയെ പോലെ “കരയുക - ഞ്യാവു”. പിന്നീട് പാട്ടിന്റെ വാക്കുകൾ പാടുക.

**വ്യാഴം**

നിങ്ങളുടെ കുട്ടിയോട് ചില മൃഗ ശബ്ദങ്ങൾ ഉണ്ടാക്കുവാൻ ആവശ്യപ്പെടുക. ഏത് മൃഗങ്ങളെയാണ് അനുകരിച്ചതെന്ന് ഊഹിക്കുക. നിങ്ങൾതന്നെ കുറച്ച് മൃഗശബ്ദങ്ങൾ ഉണ്ടാക്കുക. എത്ര എണ്ണം കുട്ടിക്ക് ഊഹിക്കാൻ കഴിയും? മൃഗരൂപത്തിലുള്ള ബിസ്ക്കറ്റുകളോ ഒരു ചിത്രപുസ്തകമോ ഉപയോഗിച്ച് നിങ്ങളുടെ കുട്ടി മൃഗങ്ങളെ കാണട്ടെ.

**വെള്ളി**

നോഹയുടെ കഥ അവതരിപ്പിക്കാൻ മൃഗപ്പാവകൾ ഉപയോഗിക്കുക. ഒരു മേശയുടെ പുറത്ത് ഒരു കമ്പിളി ഇട്ട് ഒരു പെട്ടകമുണ്ടാക്കുക (പെട്ടകത്തിനുള്ളിൽ ഇരിക്കുമ്പോൾ ഉച്ചഭക്ഷണമോ അത്താഴമോ കഴിക്കുക). കയ്യടിത്താളം ഉപയോഗിച്ച് മനഃപാഠവാക്യം ആവർത്തിക്കുക. “യേശു സ്നേഹിക്കുന്നെന്നെ” പാട്ട് പാടുക. നമ്മെ കരുതുന്നതിനും നമുക്ക് ആസ്വദിക്കാൻ മൃഗങ്ങളെ രക്ഷിച്ചതിനുമായി ദൈവത്തിന് നന്ദി പറയുക.